## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
## കോഓർഡിനേഷൻ സമിതി

### 29.01.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പ്മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ അസംബ്ലി മന്ദിരത്തിലെ ചേമ്പറിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2013-14 വാർഷിക പദ്ധതിയിൽ ഇതേവരെ 1715 കോടി രൂപ ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ഗ്രാമപഞ്ചായത്തുകൾ 38%, ബ്ലോക്ക് പഞ്ചായത്തുകൾ 58%, ജില്ലാ പഞ്ചായത്തുകൾ 22% മുനിസിപ്പാലിറ്റികൾ 34% കോർപ്പറേഷനുകൾ 31% എന്നിങ്ങനെയാണ് ചെലവഴിച്ചത്. മുൻവർഷം ഇതേ കാലയളവിൽ ഗ്രാമപഞ്ചായത്തുകൾ 15%, ബ്ലോക്ക് പഞ്ചായത്തുകൾ 28% മുനിസിപ്പാലിറ്റികൾ 14 ശതമാനവും കോർപ്പറേഷനുകൾ 11 ശതമാനവും ആണ് ചെലവഴിച്ചത് എന്നും റിപ്പോർട്ട് ചെയ്യപ്പെട്ടു.

**2.2** സേവാഗ്രാം ഗ്രാമകേന്ദ്രം പ്രവർത്തന മാർഗരേഖ സംബന്ധിച്ച ചർച്ച പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ അടുത്ത യോഗത്തിലേയ്ക്ക് മാറ്റിവച്ചു.

**2.3** പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡു തുകയുടെ പലിശ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കിട്ടിയിരിക്കുന്നത് ഉപയോഗിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. പദ്ധതി കണക്കുകളുടെ വാലിഡേഷന് പരിഗണിക്കണമെങ്കിൽ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പ്രോജക്ട് ഭേദഗതി ചെയ്യാൻ കാല താമസം വരുമെന്നതിനാൽ ആ തുക വാലിഡേഷന് പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

**2.4** പദ്ധതിച്ചെലവ് കുറഞ്ഞിരിക്കുന്നതിന്റെ പ്രധാന കാരണം മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം തയ്യാറാക്കാത്തതാണെന്ന് യോഗം നിരീക്ഷിച്ചു. ഇത് വിലയിരുത്തുന്നതിന് എല്ലാ ജില്ലകളിലെയും എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ഉൾപ്പെട്ട അവലോകനയോഗം തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചു ചേർക്കുന്നുണ്ടെന്ന് അറിയിക്കുകയുണ്ടായി. യോഗത്തിന് എത്തിച്ചേരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പഞ്ചായത്തുകൾ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചത് ഏതേതു കാലയളവുകളിലാണെന്നതും അവയ്ക്ക് സാങ്കേതികാനുമതി നൽകിയത് എപ്പോഴൊക്കെയാണെന്നതും സംബന്ധിച്ച സമ്പൂർണ്ണ വിവരങ്ങളും യോഗത്തിൽ കൊണ്ടുവരേണ്ടതാണെന്ന് അറിയിക്കണമെന്ന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

**2.5** 2014-15-ലെ പദ്ധതി രൂപീകരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് അനുസരിച്ചുള്ള വിഹിതം ഇപ്പോൾ അറിയാമെന്നും അതിനാൽ ദ്വിവർഷ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 2015-16 വർഷത്തെ പദ്ധതി കൂടി തയ്യാറാക്കേണ്ടതിനാൽ പ്രസ്തുത വർഷത്തേയ്ക്ക് 2014-15 വർഷം ലഭിച്ച തുകയുടെ

10% കൂടി വർദ്ധിപ്പിച്ച നിലയിൽ വിഹിതം കണക്കിലെടുക്കാമെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു. ഇപ്രകാരമുള്ള വർദ്ധന നോഷണൽ ആയിരിക്കുമെന്നും യഥാർത്ഥ വിഹിതത്തിന് അനുസൃതമായി പദ്ധതിയിൽ മാറ്റം വരുത്തേണ്ടതാണെന്നും തീരുമാനിച്ചു.

**2.6** ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്ന ഒരു പ്രവണത തദ്ദേശഭരണ സ്ഥാപനങ്ങൾ വലിയ തോതിൽ പ്രകടിപ്പിക്കുന്നതായി യോഗം നിരീക്ഷിച്ചു. ആദ്യകാലങ്ങളിൽ ഒറ്റപ്പെട്ട രീതിയിൽ ഉന്നയിക്കപ്പെട്ടതിനാൽ കോഓർഡിനേഷൻ കമ്മിറ്റി അനുകൂലമായി പ്രതികരിച്ചെങ്കിലും ഇപ്പോൾ ആവശ്യങ്ങളുടെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ ഒരു പൊതു നയം സ്വീകരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുകയാണെന്ന് യോഗം അഭിപ്രായപ്പെട്ടു. കുറഞ്ഞത് 50 അടിയെങ്കിലും വ്യാസമുള്ള പ്രദേശത്ത് പ്രകാശം പതിക്കുന്ന സ്ഥലത്തുമാത്രമേ ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കാവൂ എന്നും, അത് പ്രകാശിപ്പിക്കുമ്പോൾ സമീപത്തെ വിളക്കുകളെല്ലാം ഓഫ് ചെയ്യേണ്ടതാണെന്നും, 20 വാട്ട്സും 45 വാട്ട്സും എന്നിങ്ങനെ രണ്ടു തരത്തിലുള്ളവ മാത്രമേ ഉപയോഗിക്കാവൂ എന്നും മറ്റുള്ള നിബന്ധനകൾ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്നും എനർജി റിസോഴ്സ് സെന്റർ ഡയറക്ടർ വിശദീകരിക്കുകയുണ്ടായി. പലപ്പോഴും ഹൈമാസ്റ്റ് വിളക്കുകളിൽ നിന്നുള്ള പ്രകാശത്തിന്റെ പകുതിയിലേറെയും നിരത്തുകളിൽ പതിക്കുന്നതിനു പകരം, സമീപത്തെ കെട്ടിടങ്ങളിലാണ് പതിക്കുന്നതെന്നും മെയിന്റനൻസ് ഫലപ്രദമാകുന്നില്ലെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. അതിനാൽ ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്നതിന് തദ്ദേഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത് വിവേചനാപൂർവ്വമായിരിക്കണമെന്ന് യോഗം തീരുമാനിച്ചു. പൊതു മാർഗനിർദ്ദേശം സമർപ്പിക്കുന്നതിന് പവർ ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു. രൂപരേഖ തയ്യാറാക്കുന്നതുവരെ മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണെന്നും തീരുമാനിച്ചു.

**2.7** നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിക്കാനാവാത്ത പ്രത്യേക സാഹചര്യങ്ങളുള്ളതിനാൽ ഷോർട്ട്ഫാളിന്റെ കാര്യത്തിൽ അനുഭാവപൂർവമായ സമീപനം ഉണ്ടാകണം എന്ന പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാൻ സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ യോഗം ചുമതലപ്പെടുത്തി.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 മലപ്പുറം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 3365/ഡി.എ1/14/തസ്വഭവ) തീയതി 29.01.2014

പാലിയേറ്റീവ് കെയർ പദ്ധതിയിലെ നഴ്സുമാർക്ക് 6 മാസത്തിൽക്കൂടുതൽ ഹോണറേറിയം നൽകിയതിന് സാധൂകരണം നൽകാനുള്ള മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്) **3.**

### 3.2കണ്ണൂർ ജില്ലാപഞ്ചായത്ത്(ഫയൽനം.71330/ഡി.ബി.1/13/തസ്വഭവ)തീയതി29.01.2014

കണ്ണൂർ ജില്ലാ പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള സയൻസ് പാർക്കിന് ആവശ്യമായ പ്രദർശന വസ്തുക്കൾ വാങ്ങുന്നതിന് വികസനഫണ്ടിൽ നിന്നും അഡ്വാൻസ് നൽകാനുള്ള ആവശ്യം അഡ്വാൻസ് നൽകുന്ന വർഷം തന്നെ പ്രവൃത്തി നടപ്പാക്കണം എന്ന വ്യവസ്ഥയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 താഴേക്കോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 3375/ഡി.എ2/14/തസ്വഭവ)**

**തീയതി 29.01.2014**

ജാലകം–സമ്പൂർണ്ണ പത്താംതരം തുല്യത പരിപാടിക്ക് അനുബന്ധ ചെലവുകളായ സർവെ നടത്തൽ, സ്റ്റഡി മെറ്റീരിയൽസ്, അക്ഷരക്കൂട്ടം സംഘാടനം, ഫെസിലിറ്റേറ്റേഴ്സ് പരിശീലനം, പ്രചാരണം, ഡോക്യുമെന്റേഷൻ തുടങ്ങിയവയ്ക്ക് പ്രോജക്ടിന്റെ 10% അധികരിക്കാത്ത തുക ചെലവാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പട്ടണക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 3375/ഡി.എ/14/തസ്വഭവ)**

**തീയതി 29.01.2013**

2010–11 വർഷം വനിതകൾക്ക് അലങ്കാര മത്സ്യക്കൃഷി പരിശീലനം എന്ന പ്രോജക്ട് നടപ്പാക്കിയപ്പോൾ ബി.പി.എൽ അല്ലാത്തവർക്കും പരിശീലനം നൽകിയതിന് സാധൂകരണം നൽകണമെന്ന ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു. 2013–14 വർഷത്തെ പരിശീലന പ്രോജക്ട് ബി.പി.എൽ വിഭാഗത്തിന് മുൻഗണന നൽകി നടപ്പാക്കാനും അനുവദിച്ച് തീരുമാനിച്ചു.

**3.5 കോട്ടയം ജില്ലാ പഞ്ചായത്ത്തീയതി 29.01.2014**

കോട്ടയം ജില്ലാ പഞ്ചായത്ത് 2013–14 വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന 642/14, 725/14 നമ്പരായുള്ള പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾക്ക് അംഗീകാരം നൽകി തീരുമാനിച്ചു. 07/14, 368/14 നമ്പർ പ്രോജക്ടുകളിലെ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, 10/14 നമ്പരായ സോളാർ ലൈറ്റ് എന്നീ പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്തിന്റെ അനിവാര്യ ചുമതല അല്ലാത്തതിനാൽ അംഗീകാരം നൽകേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കോഴിക്കോട് കോർപ്പറേഷൻ തീയതി 29.01.2014**

കോഴിക്കോട് കോർപ്പറേഷൻ വിവധ ആവശ്യങ്ങൾക്ക് ഭൂമി അക്വയർ ചെയ്തതിന്റെ നഷ്ട പരിഹാര തുകയായി ലാന്റ് അക്വിസിഷൻ വകുപ്പിന് ഇനിയും കൈമാറാൻ ബാക്കിയുള്ള 16949772/– രൂപ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ടിന് അംഗീകാരം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 05.02.2014 ന് നിയമസഭാ മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ ചേമ്പറിൽ 2.30 PM ന് കൂടുന്നതാണ്.***

***(യോഗം വൈകുന്നേരം 4.30ന് അവസാനിച്ചു)***